"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2026-2027 അധ്യയന വർഷത്തെ പൊന്നാനി ഉപജില്ലാ സ്കൂൾ കലോത്സവം - പൊന്നാനി ഉപജില്ലയുടെ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.2149/2026/LSGD തീയതി,തിരുവനന്തപുരം, 10-11-2026

പരാമർശം:-
1. പൊന്നാനി ഉപജില്ലാ സ്കൂൾ കലോത്സവം സ്വാഗത സംഘം ജനറൽ കൺവീനറുടെ 28/10/2026-ലെ കത്ത് .
2. ബഹു. പൊന്നാനി എം.എൽ.എ. ശ്രീ. കെ.പി. നൗഷാദ് അലിയുടെ 29.10.2026-ലെ കത്ത്.

ഉത്തരവ്

2026 നവംബർ **13** മുതൽ **17** വരെ നടക്കുന്ന **2026-27** അധ്യയന വർഷത്തെ പൊന്നാനി വിദ്യാഭ്യാസ ഉപജില്ലാ സ്കൂൾ കലോത്സവത്തിന്റെ നടത്തിപ്പിനായി പൊന്നാനി വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്ന് ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്വാഗതസംഘം ജനറൽ കൺവീനർ പരാമർശം **(1)** പ്രകാരം സമർപ്പിച്ച അപേക്ഷ, ബഹു. പൊന്നാനി എം.എൽ.എ. പരാമർശം **(2)** പ്രകാരം ശിപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 അധ്യയന വർഷത്തെ പൊന്നാനി ഉപജില്ലാ സ്കൂൾ കലോത്സവത്തിന്റെ നടത്തിപ്പിനായി പൊന്നാനി വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതത് ഭരണസമിതികളുടെ തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽനിന്ന് പരമാവധി ₹50,000/- (അൻപതിനായിരം രൂപ) വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുയീനുദീൻ എൻ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ആഡിറ്റ്, ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ഐ & പി ആർ ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by Assim M S
Date: 10-11-2026 19:10:28
സെക്ഷൻ ഓഫീസർ